കാഞ്ഞങ്ങാട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാനുള്ള നടപടി

126 (2405) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ഏതുവരെയായി ;

(ബി) ഇതിനാവശ്യമായ സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ ഏറ്റെടുക്കാനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്ററിന് എത്ര രൂപയാണ് നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ എത്രയും പെട്ടെന്ന് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) ഇല്ല. പദ്ധതിക്കാവശ്യമായ 24 ഹെക്ടർ ഭൂമി റവന്യൂ വകുപ്പിൽ നിന്നും കൈമാറി കിട്ടിയിട്ടില്ല.

(സി) ഫിഷ് ലാന്റിംഗ് സെന്ററുകളുടെ നിർമ്മാണത്തിനായി ഈ സാമ്പത്തിക വർഷം ആകെ 60 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ ഉൾപ്പെടുത്തി ഈ കേന്ദ്രത്തിന്റെ നിർമ്മാണം നടപ്പിലാക്കുന്നതാണ്.

(ഡി) പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

മൺസൂൺകാല ട്രോളിംഗ് നിരോധനം മൂഖേന ഉണ്ടാകുന്ന നേട്ടങ്ങൾ

127 (2406) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺസൂൺ കാല ട്രോളിംഗ് നിരോധനം മൂഖേന സംസ്ഥാനത്ത് ആകെ എത്ര ടൺ മത്സ്യം അധികം ഉല്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത നിരോധനം മൂഖേന എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) 1988-ൽ ട്രോളിംഗ് നിരോധനം നടപ്പാക്കിയതുമുതൽ മത്സ്യ സമ്പത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ വർദ്ധന എത്രമാത്രം എന്നോ അത് ട്രോളിംഗ് നിരോധനംമൂലം ആണെന്നോ എന്നത് സംബന്ധിച്ച് വിശദമായ ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly